# സംഘചൈതന്യ

നിശബ്ദരുടെ വിമോചന ശബ്ദം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർത്താ പത്രിക

പുസ്തകം 5 ലക്കം 11 നവംബർ 30, 2004


# സ്വാശ്രയസംഘങ്ങൾ കൈകോർക്കുമ്പോൾ

പറഞ്ഞു പഴകിയ കഥ. ആമയും മുയലും ഓട്ടമത്സരത്തിനായി പന്തയം വച്ചു. അമിത ആത്മവിശ്വാസത്തിൽ മുയൽ മത്സരത്തിനിടയിൽ അൽപ്പം ഉറങ്ങി. സ്ഥിര ഉത്സാഹിയായ ആമ മത്സരം ജയിച്ചു. ഇനി ഈ കഥയിലെ പുതിയ സംഭവങ്ങൾ പറയാം. മത്സരത്തിൽ തോറ്റ മുയലിനെ മത്സരം ജയിച്ചതിന് ശേഷമേ ഇനി വീട്ടിൽ കയറ്റൂ എന്ന് പറഞ്ഞ് മുയൽ കുടുംബത്തിലെ കാരണവന്മാർ വീട്ടിൽ നിന്നും പുറത്താക്കി. മത്സരം വീണ്ടും നടന്നു. മുൻ അനുഭവം പാഠമാക്കിയ മുയൽ ഓടി ജയിച്ചു. ഫലമോ? മത്സരത്തിൽ തോറ്റ ആമയെ ആമ കുടുംബത്തിൽ നിന്നും പുറത്താക്കി. അഹങ്കാരം മൂലമാണ് വീണ്ടും മത്സരിക്കാൻ പോയതെന്ന് അവർ കുറ്റപ്പെടുത്തി. ആമയുടെ അപേക്ഷ പ്രകാരം വീണ്ടും മത്സരം നടന്നു. മത്സരസ്ഥലം നിശ്ചയിച്ചത് ആമയായിരുന്നു. ദൂരം നന്നെ കുറവ്. പക്ഷേ മത്സര കളത്തിന് നടുവിൽ ഒരു ചെറിയ അരുവി. നിസഹായനായ മുയൽ പേടിച്ച് നിന്നപ്പോൾ ആമ അരുവി നീന്തിക്കടന്ന് മത്സരം ജയിച്ചു.

പരസ്പരം മത്സരിച്ച് നഷ്ടങ്ങൾ വരുത്തുന്ന വിവരം കാട്ടിലെ മന്ത്രിയായ കുറുക്കൻ അറിഞ്ഞപ്പോൾ മുയലിനെയും ആമയെയും വിളിച്ച് ചർച്ചകളും അവബോധ ക്ലാസ്സുകളും നടത്തി. പരസ്പരം മത്സരിച്ച് സമയം കളയുന്നതിന്റെ നഷ്ടം അവർക്ക് മനസ്സിലായി. രണ്ടുപേരും ഒരുപോലെ വിജയിക്കുവാനുള്ള മാർഗ്ഗങ്ങൾ അവർ കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്തി. എന്താണെന്നല്ലേ? മത്സരകളത്തിൽ കരയുള്ള സ്ഥലത്ത് ആമ മുയലിന്റെ പുറത്ത് കയറി യാത്ര ചെയ്യും. അരുവിയിലാകട്ടെ മുയൽ ആമയുടെ പുറത്തും. അങ്ങനെ ആമയും മുയലും ശരിയായ ദർശനത്തോടെ പരസ്പരം വളർത്തുവാനും അതുവഴി ജിവിത വിജയം നേടുവാനും പഠിച്ചു.

പരസ്പരം മത്സരിച്ചാൽ ഒരാൾക്കേ വിജയിക്കാൻ കഴിയൂ. പരസ്പരം സഹായിച്ചാൽ രണ്ടുപേരും വിജയിക്കുന്നു. ഫലമോ? സന്തോഷം കണ്ടെത്തുവാൻ കഴിയുന്നു. എന്നാൽ മനുഷ്യൻ മൃഗങ്ങൾ സ്വീകരിച്ച പാഠങ്ങൾ



പോലും ഉൾക്കൊള്ളാൻ തയ്യാറാകുന്നില്ല. പരസ്പരം മത്സരിച്ച് സഹമനുഷ്യനെ പരാജയപ്പെടുത്തി സ്വയം വിജയിക്കുവാൻ ശ്രമിക്കുന്നു. അതുവഴി ആത്യന്തികമായി ആരും ജയിക്കുന്നില്ല. നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന അനാവശ്യ മത്സരങ്ങൾ ഒഴിവാക്കി സഹകരിച്ച് മുന്നേറിയാൽ എത്രയോ നന്നായിരുന്നു.

സ്വാശ്രയസംഘങ്ങൾ പരസ്പര സഹകരണത്തിലൂടെ വിജയം നേടുന്നതിന്റെ സാക്ഷ്യമായിരുന്നു 7-ാം മത് സ്വാശ്രയസംഘമഹോത്സവവും ചൈതന്യ കാർഷികമേളയും. നമ്മുടെ രക്ഷാധികാരിയായ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് സമ്മേളനത്തിൽ ലോകത്തിലെ 8-ാ മത്തെ അത്ഭുതമായി സ്വാശ്രയസംഘ പ്രവർത്തനമായ 'സ്വാശ്രയവാഹിനി' ഓട്ടോ റിക്ഷാ പദ്ധതിയെ വിശേഷിപ്പിച്ചത് ഈ പരസ്പര സഹകരണത്തിന്റെ വിജയം കണ്ടതുകൊണ്ടുതന്നെയാവണം. നമ്മുടെ സ്വാശ്രയസംഘ പ്രവർത്തനങ്ങൾക്ക് വിജയം കാണുവാൻ കഴിയുന്നത് വ്യക്തമായ ദർശനം ഉള്ളതുകൊണ്ടാണ്. ഉദാത്തമായ വികസന ദർശനം ഹൃദയത്തിൽ വിതച്ച് ഉള്ളിൽ നിന്നും വളർത്തി എടുക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്കേ വിജയം നേടുവാൻ സാധിക്കുകയുള്ളൂ. ഓരോ സ്വാശ്രയസംഘത്തിനും വ്യക്തമായ ദർശനവും പ്ലാനിംഗും ഉണ്ടാവണം. ഒപ്പം ദർശനങ്ങൾ നേടിയെടുക്കുവാനുള്ള തീവ്ര പരിശ്രമവും. മുത്തുമാലയിലെ മുത്തുകളെ യോജിപ്പിച്ച് മാല മനോഹരമായി നിലനിർത്തുന്നത് മുത്തുകൾക്ക് ഉള്ളിൽ മറഞ്ഞിരിക്കുന്ന നൂലാണ് എന്നതുപോലെ ഓരോ സ്വാശ്രയ സംഘത്തെയും നയിക്കുന്നത് ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന സ്വാശ്രയ ദർശനമായിരിക്കണം.

സ്വാശ്രയസംഘ ദർശനം ഉൾക്കൊണ്ട് പരസ്പര സഹകരണം വാക്കിലും പ്രവർത്തിയിലും വെളിവാക്കി പ്രാവർത്തികമാക്കിയതുകൊണ്ടാണ് സ്വാശ്രയസംഘ മഹോത്സവം കൂട്ടായ്മയുടെ വൻവിജയമായി മാറിയത്. സ്മാർട്ട് കലാസമിതിയുടെ കലാസന്ധ്യ, സ്വാശ്രയ മുന്നേറ്റ പ്രദർശനം, സ്വാശ്രയവാഹിനി ഓട്ടോറിക്ഷാകൾ, ഹരിതവേദി അംഗങ്ങളായ പുരുഷ സമൂഹത്തിന്റെ സാന്നിദ്ധ്യം എന്നിവ ഈ മഹോത്സവത്തിന്റെ പ്രത്യേകതകളായിരുന്നു. ചൈതന്യയിൽ എത്തിയ എല്ലാ സ്വാശ്രയ സംഘാംഗങ്ങളേയും, മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചവരെയും, നേതൃനിരയിൽ നിന്ന് പ്രവർത്തിച്ച് ഫെഡറേഷൻ ഭാരവാഹികളെയും, പ്രവർത്തകരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. എല്ലാവർക്കും ഒരായിരം അഭിനന്ദനങ്ങൾ.

**മൈക്കിളച്ചൻ**

# പൊതുഅറിയിപ്പുകൾ

## എഴാമത് സ്വാശ്രയസംഘ മഹോത്സവവും ചൈതന്യ കാർഷികമേളയും

എഴാമത് സ്വാശ്രയ സംഘ മഹോത്സവവും ചൈതന്യ കാർഷിക മേളയും നവംബർ 26, 27, 28 തിയതികളിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുകയുണ്ടായി. കെ. എസ്. എസ്. എസ്. പോലുള്ള സന്നദ്ധ സംഘടനകൾ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ ജനഹൃദയങ്ങളിൽ മാറ്റം വരുത്തുവാനും നാടിന്റെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്നുവെന്നും മേള ഉദ്ഘാടനം ചെയ്ത് കൊണ്ട് ബഹു. ഗ്രാമവികസന വകുപ്പ് മന്ത്രി ശ്രീ. സി. എഫ്. തോമസ് പ്രസ്താവിച്ചു. ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കോട്ടയം രൂപതാ സഹായമെത്രാൻ മാർ മാത്യു മൂലക്കാട്ട് സ്വാശ്രയ സംഘങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ജാതി മത വ്യത്യാസമില്ലാതെ സ്വാശ്രയസംഘാംഗങ്ങൾ ഒന്നുചേർന്ന് പ്രവർത്തിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നും അനുസ്മരിപ്പിച്ചു. ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് ഹൈറേഞ്ച്, ഉഴവൂർ, ഇടയ്ക്കാട്ട് മേഖലാ സ്വാശ്രയ സംഘാംഗങ്ങൾ വൈവിധ്യമാർന്ന കലാപരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് മുൻ സംസ്ഥാന വനിതാ കമ്മീഷൻ അംഗം പ്രൊഫ. മോനമ്മ കോക്കാട് 'സ്ത്രീ കുടുംബത്തിലും സമൂഹത്തിലും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

രണ്ടാം ദിവസം ശ്രേഷ്ഠ പൗരദിനമായി ആചരിച്ചു. കടുത്തുരുത്തി, മലങ്കര മേഖലകളിലെ സ്വാശ്രയ സംഘാംഗങ്ങൾ വൈവിധ്യമാർന്ന കലാപരിപാടികൾ അവതരിപ്പിച്ചു. ഉച്ചകഴിഞ്ഞ് എം. ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. സിറിയക്ക് തോമസ് കുടുംബത്തിൽ മൂല്യാധിഷ്ഠിത ജീവിത ശൈലിയുടെ പ്രസക്തി എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. തുടർന്ന് സ്മാർട്ട് കലാസമിതിയുടെ ഉദ്ഘാടനം സിനിമാതാരം കോട്ടയം നസീർ നിർവ്വഹിക്കുകയും സ്മാർട്ട് ഗ്രൂപ്പംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

സമാപന ദിവസം ഹരിതദിനമായി ആചരിച്ചു. ചുങ്കം , കിടങ്ങൂർ, മേഖലകളിലെ സ്വാശ്രയ സംഘാംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. ആലുവ എം. ഇ. എസ്. മസ്ജിദ് ഇമാം ഇടുക്കി ഹനീഫ മൗലവി കാർഷികവൃത്തിയിലെ സാമൂഹിക പ്രതിബന്ധത എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

പുത്തൻ വികസന മേഖലകളിലേക്ക് സ്വാശ്രയ സംഘങ്ങൾ കടക്കാനുണ്ടെന്ന് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ആഹ്വാനം നൽകി. പുതിയ സംരംഭങ്ങൾ



കൂടുതലായി ആരംഭിച്ച് സ്വാശ്രയകൂട്ടായ്മകൾ വളർത്താനും സ്വാശ്രയ സംഘങ്ങൾ കൂടുതൽ സ്വയം പര്യാപ്തതയിലേക്ക് മുന്നേറാനും ശ്രമിക്കണമെന്നും മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് അദ്ധ്യക്ഷ പ്രസംഗത്തിലൂടെ പറഞ്ഞു. വ്യവസായ വകുപ്പ് സെക്രട്ടറി പി. എച്ച്. കുര്യൻ ഐ. എ. എസ്. മുഖ്യപ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വി. എം. തങ്കമ്മ, ജോസ്. ജെ. കണ്ണാമ്പടം എന്നിവർ ആശംസകൾ അർപ്പിച്ചു. വൈവിധ്യങ്ങളായ മാതൃകാ വികസന പ്രവർത്തനങ്ങൾ നടത്തിയ 15 തെരെഞ്ഞെടുക്കപ്പെട്ടവർക്ക് മന്ത്രി അവാർഡുകൾ വിതരണം ചെയ്തു.

മേളയുടെ ദിവസങ്ങളിൽ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കിയ എട്ട് വീട്ടമ്മമാർക്ക് ഓട്ടോറിക്ഷയുടെ താക്കോൽദാനം മന്ത്രി നിർവ്വഹിച്ചു. കൂടാതെ സമൂഹാധിഷ്ഠിത വികലാംഗ പുനരധിവാസ പദ്ധതിയിലെ അംഗമായിരുന്ന പ്രവീണിന്റെ മരണാനന്തരം കണ്ണുകൾ ദാനം ചെയ്ത് മാതൃക കാട്ടിയപ്പോൾ പ്രവീണിന്റെ മാതാപിതാക്കളെ കാർഷികമേളയിൽ പ്രത്യേകം ആദരിക്കുകയുണ്ടായി.

മേളയോടനുബന്ധിച്ച് 25 ലധികം വൈവിധ്യമാർന്ന സ്റ്റാളുകൾ ഉണ്ടായിരുന്നു. കെ.എസ്.എസ്.എസ് ഒരുക്കിയിരുന്ന ബദൽ ജീവിതശൈലിയുടെയും, സ്വാശ്രയ ഉല്പന്നങ്ങളുടെയും, സ്വാശ്രയ മുന്നേറ്റത്തിന്റെയും, ആയുർവേദ- ഹോമിയോ ചികിത്സാ വിധികളുടെയും പ്രത്യേകം സ്റ്റാളുകൾ സന്ദർശകരുടെ ശ്രദ്ധയാകർഷിച്ചു. പരിസ്ഥിതി സൗഹൃദവികസന മാതൃകകൾ, അലങ്കാരചെടികൾ, ഫലവൃക്ഷങ്ങൾ, പക്ഷികൾ, മൃഗങ്ങൾ, വിത്തിനങ്ങൾ, ജൈവവളം, ഔഷധ സസ്യങ്ങൾ എന്നിവ സന്ദർശകരെയും കർഷക സുഹൃത്തുക്കളെയും ഏറെ ആകർഷിച്ചു.

## സ്വാശ്രയവാഹിനി ഓട്ടോറിക്ഷാ പദ്ധതി

സ്വാശ്രയ സംഘാംഗങ്ങളുടെ സമഗ്രവികസനത്തിനായി രൂപം നൽകിയ നൂതന സംരംഭമായ സ്വാശ്രയ വാഹിനി ഓട്ടോറിക്ഷാ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു. കുറുമുള്ളൂർ, പുന്നത്തുറ, പാലത്തുരുത്ത്, പിറവം, ഞീഴൂർ, അറുനൂറ്റിമംഗലം, പൂഴിക്കോൽ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ള 8 വനിതകൾക്ക് ഓട്ടോറിക്ഷ ലഭ്യമാക്കി. കെ.എസ്.എസ്. എസ്. പദ്ധതി ഗുണഭോക്താക്കൾക്ക് 10,000 രൂപ സബ്സിഡിയായും 10,000 രൂപ റിവോൾവിംഗ് ഫണ്ടായും നൽകിയതിനു പുറമെ പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിവഴി 7500 രൂപ സബ്സിഡി ലഭ്യമാക്കുകയും ബാങ്ക്ലോൺ ക്രമീകരണങ്ങൾ ചെയ്തു നൽകുകയും ചെയ്തു. കൂടാതെ പദ്ധതി ഗുണഭോക്താക്കൾ പദ്ധതി വിഹിതമായി 15000 രൂപ വീതം മുടക്കുകയുണ്ടായി. രണ്ടാം ഘട്ടമായി 13 ഗുണഭോക്താക്കൾകൂടി ഓട്ടോറിക്ഷാ

നൽകുവാൻ ലക്ഷ്യമിടുന്നു.

**ഭവന നിർമ്മാണ പരിശീലനം**

76 ഗ്രാമങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയ പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കൾക്കായുള്ള രണ്ടാംഘട്ട ഭവന നിർമ്മാണ പരിശീലനം നവംബർ മാസം 10-ാംതിയിതി ബുധനാഴ്ച 2.30 മുതൽ 4 വരെ ചൈതന്യയിൽ വച്ച് നടത്തപ്പെട്ടു. ഗുണഭോക്താക്കളും അവരുടെ ജീവിത പങ്കാളികളും പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തു.

**പുകയില്ലാത്ത അടുപ്പുകൾ**

സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ആരോഗ്യ സംരക്ഷണവും വനസംരക്ഷണവും ലക്ഷ്യം വച്ച് ചുങ്കം, കിടങ്ങൂർ മേഖലകളിൽ 54 ഭവനങ്ങളിൽ പുകയില്ലാത്ത മാതൃകാ അടുപ്പുകളുടെ നിർമ്മാണം പൂർത്തിയാക്കി.

**ബ്യൂട്ടീഷ്യൻ പരിശീലനം**

സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാന വർദ്ധനവിനായി വരുമാന പരിശീലനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഡിസംബർ മാസം 13-ാം തിയതി രാവിലെ 10 മുതൽ 3.30 വരെ ബ്യൂട്ടീഷ്യൻ പരിശീലനം ചൈതന്യയിൽ വച്ച് നടത്തുന്നു. അനിമേറ്റർ വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് പങ്കെടുക്കാവുന്നതാണ്.

**പെയിന്റിംഗ് തുടർ പരിശീലനം**

സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാന വർദ്ധനവിനായി നടത്തിവരുന്ന പരിശീലനങ്ങളുടെ ഭാഗമായി പെയിന്റിംഗ് തുടർ പരിശീലനം ഡിസംബർ 15-ാം തിയതി രാവിലെ 10.30 മുതൽ 3.30 വരെ ചൈതന്യയിൽ വച്ച് നടത്തും. കഴിഞ്ഞ പരിശീലനത്തിൽ പങ്കെടുത്ത എല്ലാവർക്കും തുടർ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

**ഗ്രാമോത്സവം**

സ്വാശ്രയ സംഘങ്ങളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കി 2004-ൽ നടപ്പിലാക്കുന്ന ഗ്രാമോത്സവ പരിപാടികൾ വളരെയേറെ ജനശ്രദ്ധ ആകർഷിച്ചുവരുന്നു. നവംബർ മാസത്തിൽ മ്രാല, മാങ്ങിടപ്പള്ളി, ഇരവിപേരൂർ, കല്ലിശ്ശേരി, ഒളശ്ശ, കരിങ്കുന്നം ഗ്രാമങ്ങളിൽ ഗ്രാമോത്സവും നടത്തുകയുണ്ടായി. സ്ത്രീ ശാക്തീകരണം, സ്വാശ്രയസംഘ പ്രവർത്തനശൈലികൾ, കുടുംബജീവിതം, ബദൽ ജീവിതപഠനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യവും ഗ്രാമോത്സവത്തെ സജീവമാക്കി. സംക്രാന്തി, എസ്.എച്ച്. മൗണ്ട്, വടക്കുമ്മുറി, നീറിക്കാട് എന്നീ ഗ്രാമങ്ങളിൽ ഡിസംബർ മാസത്തിൽ ഗ്രാമോത്സവം നടത്തുന്നതാണ്.



**അസോള പരിശീലനം**

സ്വാശ്രയ സംഘാംഗങ്ങളുടെ സമഗ്ര വികസനത്തിനായി നടത്തി വരുന്ന പരിശീലനങ്ങളുടെ ഭാഗമായി ഡിസംബർ മാസം 4-ാം തിയതി ഉച്ചയ്ക്കു 2 മുതൽ 4 വരെ ചൈതന്യയിൽ വച്ച് അസോള പരിശീലനം ഉണ്ടായിരിക്കുന്നതാണ്. അനിമേറ്റർ വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് പങ്കെടുക്കാവുന്നതാണ്.

**സി.ബി.ആർ. സ്റ്റാഫിന് പരിശീലനം**

സി.ബി.ആർ. പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന 20 സ്റ്റാഫംഗങ്ങൾക്ക് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡിക്യാപ്പ്ഡുമായി സഹകരിച്ച് ദ്വിദിന ശില്പശാല ഡിസംബർ 15, 16 തിയതികളിൽ ചൈതന്യയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**സീനിയർ സിറ്റിസൺസിന് ആയുർവേദക്യാമ്പ്**

ഇടയ്ക്കാട്ടു മേഖലയിലെ സീനിയർ സിറ്റിസൺ ഗ്രൂപ്പംഗങ്ങൾക്കായി സംക്രാന്തി മതബോധന കേന്ദ്രത്തിൽ വച്ച് ഏകദിന ആയുർവേദ മെഡിക്കൽ ക്യാമ്പ് നവംബർ 11-ാം തിയതി വ്യാഴാഴ്ച രാവിലെ 10.30 മുതൽ 3.30 വരെ നടത്തപ്പെടുകയുണ്ടായി. ഏറ്റുമാനൂരിലുള്ള കേരളാ ആയുർവേദിക് സിറ്റിയിലെ പ്രഗത്ഭരായ ആയുർവേദ ഡോക്ടേഴ്സാണ് പരിപാടിക്ക് നേതൃത്വം നൽകി. 150-ഓളം പേർ പങ്കെടുത്ത ക്യാമ്പിൽ സൗജന്യ മരുന്ന് വിതരണവും ഉണ്ടായിരുന്നു.

**കോളജ് കാമ്പസിൽ നിത്യോപയോഗപരിശീലനം**

ബദൽ ജീവിതശൈലിയുടെ ഭാഗമായി കെ.എസ്.എസ്.എസ്. ന്റെ ആഭിമുഖ്യത്തിൽ നിത്യോപയോഗ സാധന നിർമ്മാണ പരിശീലനം ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിലെ വിദ്യാർത്ഥികൾക്കായി കോളജിൽ വച്ച് നടത്തുകയുണ്ടായി. സി. ലിനറ്റ്, ബെസ്സി ജോസ് എന്നിവർ പരിശീലനം നൽകി.

**സി.സി. കേന്ദ്ര എക്സിക്യൂട്ടീവ് മീറ്റിംഗ്**

സി.സി. കേന്ദ്ര എക്സിക്യൂട്ടീവ് മീറ്റിംഗ് ചൈതന്യയിൽ വച്ച് സി.സി. പ്രസിഡന്റ് ലിസി സണ്ണിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തു. ചർച്ചയ്ക്ക് ഫാ. മൈക്കിൾ വെട്ടിക്കാട്ട്, സി. ലിനറ്റ്, ബെസ്സി ജോസ് എന്നിവർ നേതൃത്വം നൽകി.

### സ്വയം സംരംഭകർക്കായി പരിശീലനം

സി.സി.യുടെ ഭാഗമായി ആരംഭിച്ചു കൊണ്ടിരിക്കുന്ന വിവിധ വരുമാന പദ്ധതി ട്രെയിനിംഗിൽ പങ്കെടുക്കുന്നവർക്കായി നവംബർ മാസം 18–ാം തിയതി സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ജെസ്സി തോമസിന്റെ അദ്ധ്യക്ഷതയിൽ പരിശീലന ക്ലാസ്സ് നടത്തുകയുണ്ടായി. അനുജോസ്, സിസ്റ്റർ ലിനറ്റ്, ബെസ്സി ജോസ് എന്നിവർ പരിശീലനത്തിൽ നേതൃത്വം നൽകി.

### പരിശീലനം നൽകി

ബത്തേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ 'ശ്രേയസ്സിലെ' പ്രവർത്തകർക്കായി ചൈതന്യയിൽ വച്ച് മൂന്നുദിവസം നീണ്ട നിത്യോപയോഗ നിർമ്മാണ ക്യാമ്പ് നടത്തുകയുണ്ടായി. സിസ്റ്റർ ലിനറ്റ്, ബെസ്സി ജോസ്, ജോബി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### സി.സി. മേഖലാതല എക്സിക്യൂട്ടീവ് മീറ്റിംഗ്

ഡിസംബർ മാസം 14–ാം തിയതി 10.30 മുതൽ 12.30 വരെ സി.സി.യുടെ ഗ്രാമതല എക്സിക്യൂട്ടീവ് അംഗങ്ങളുടെ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. സി.സി. നടപ്പിലാക്കുന്ന ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മുന്നോട്ടുള്ള പ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടിയായിരിക്കും ഈ മീറ്റിംഗ്. അനിമേറ്റേഴ്സും പങ്കെടുക്കണം.

### സ്മാർട്ട് ഉപന്യാസ മത്സരം

സ്മാർട്ട് ഗ്രൂപ്പ് കുട്ടികൾക്ക് കാലിക പ്രാധാന്യമുള്ള വിഷയങ്ങളിലുള്ള അറിവു നൽകുവാനും സാഹിത്യ കഴിവുകൾ വളർത്തുവാനും ഗ്രാമങ്ങളിൽ ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികളായവർക്ക് നവംബർ മാസം 11–ാം തിയതി കേന്ദ്രതല മത്സരം ചൈതന്യയിൽ നടത്തി. വിവിധ ഗ്രാമങ്ങളിൽ നിന്നായി 41 കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. വിജയികളായവർക്ക് പ്രശസ്ത സിനിമാനടൻ കോട്ടയം നസീർ സമ്മാനങ്ങൾ വിതരണം ചെയ്തു.

### സ്മാർട്ട് കലാസമിതി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി രൂപം നൽകിയ സ്മാർട്ട് കലാസമിതിയുടെ ഉദ്ഘാടനവും അരങ്ങേറ്റവും സ്വാശ്രയസംഘ മഹോത്സവത്തോടനുബന്ധിച്ചു 27–ാം തിയതി വൈകുന്നേരം കോട്ടയം നസീർ (സിനി ആർട്ടിസ്റ്റ്) നിർവഹിച്ചു. അന്നേദിവസം തന്നെ സ്മാർട്ട് കലാസമിതിയിലെ പരിശീലനം നേടിയ 30 അംഗങ്ങൾ അവതരിപ്പിച്ച കലാസന്ധ്യയും ഉണ്ടായിരുന്നു. ബിജേഷ് വാസു, സുനിൽ കുമാർ (സിദ്ധി സായി ട്രൂപ്പ്, കൂത്താട്ടുകുളം) എന്നിവരാണ് പരിശീലനം നൽകിയത്. ഭാവിയിൽ പൊതുവേദികളിൽ സ്മാർട്ട് കലാസമിതിയുടെ പരിപാടികൾ ഉൾപ്പെടുത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.



### കാൻസർ ബോധവത്കരണ സെമിനാർ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ നവംബർ മാസത്തിൽ കുറുമുള്ളൂർ, പയസ്മൗണ്ട് എന്നീ ഗ്രാമങ്ങളിൽ വച്ച് കാൻസർ ബോധവത്കരണ സെമിനാറുകൾ നടത്തി. കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ജോജോ ജോസഫും കെ.എസ്.എസ്.എസ്. പ്രവർത്തകരും സെമിനാറിന് നേതൃത്വം നൽകി. ഡിസംബർ മാസത്തിൽ തോട്ടറ, കിഴക്കേ നട്ടാശ്ശേരി, വെച്ചൂർ ഗ്രാമങ്ങളിൽ കാൻസർ ബോധവത്കരണ സെമിനാർ നടത്തുന്നതാണ്.

### നവോമി വിദ്യാഭ്യാസ അവാർഡ്

നവോമി ഗ്രൂപ്പംഗങ്ങളുടെ മക്കളിൽ 2003–2004 അദ്ധ്യയന വർഷത്തിൽ പ്ലസ് ടു പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. സ്വാശ്രയസംഘ മഹോത്സവത്തിൽ വച്ച് അവാർഡുകൾ വിതരണം ചെയ്തു.

### ക്രിസ്തുമസ് നക്ഷത്രങ്ങൾ ലഭ്യമാണ്

വികലാംഗർക്കുവേണ്ടിയുള്ള സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി ചേർപ്പുങ്കൽ അഗാപ്പെ സെന്ററിൽ വികലാംഗർക്കുവേണ്ടി ആരംഭിച്ച സ്പെഷ്യൽ സ്കൂളിലെ വരുമാന പദ്ധതി പരിശീലനം നേടിയ വികലാംഗരായ വിദ്യാർത്ഥികൾ ക്രിസ്തുമസ് നക്ഷത്രങ്ങൾ ഉണ്ടാക്കി വിൽപന നടത്തുന്നു. സ്വാശ്രയസംഘാംഗങ്ങൾക്ക് മിതമായ നിരക്കിൽ അതാത് സ്വാശ്രയ വിപണന കേന്ദ്രങ്ങളിൽ നിന്നും ചൈതന്യയിൽ നിന്നും ക്രിസ്തുമസ് നക്ഷത്രങ്ങൾ ലഭ്യമാകുന്നതാണ്. എല്ലാ സ്വാശ്രയസംഘാംഗങ്ങളും സ്വാശ്രയ ഉത്പന്നമായ നക്ഷത്രങ്ങൾ തന്നെ വാങ്ങുന്നത് ഉചിതമായിരിക്കും.

### മൂങ്ങാപ്പാറ നീർത്തടാധിഷ്ഠിത വികസന പദ്ധതി

പടമുഖം ഗ്രാമത്തിൽ മണ്ണ്- സസ്യ ജല സംരക്ഷണ പ്രവർത്തനങ്ങൾ ലക്ഷ്യം വച്ച് മൂങ്ങാപ്പാറ കേന്ദ്രമാക്കി നടപ്പിലാക്കുന്ന നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെ ഉദ്ഘാടന കർമ്മം 2004 ഒക്ടോബർ 15–ാം തിയതി പടമുഖം സേക്രഡ് ഹാർട്ട് യു.പി. സ്കൂളിൽ വച്ച് വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാത്യു ജോസഫ് മുതുപ്ലാക്കൽ നിർവഹിച്ചു. ഫാ. സൈമൺ പുല്ലാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ

ഫാ. മൈക്കിൾ വെട്ടിക്കാട്ട് ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് ഒക്ടോബർ 15-ാം തിയതി മൂങ്ങാപ്പാറ പദ്ധതി പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക ജീവിതചര്യകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് വേണ്ടി ജന പങ്കാളിത്തത്തോടെ ഗ്രാമവിശകലന പഠനം നടത്തുകയുണ്ടായി. ഒക്ടോബർ 30-ാം തിയതി പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിൽ സുപ്രധാന പങ്ക് നിർവഹിക്കുന്നതിനായി സംഘാംഗങ്ങളിൽ നിന്നും 7 അംഗ കമ്മിറ്റിയെ തെരഞ്ഞെടുക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലും പദ്ധതി നടത്തിപ്പിലും വിലയിരുത്തലുകളും മേൽനോട്ടം വഹിക്കുന്നത് ഈ കമ്മിറ്റിയായിരിക്കും. അന്നേദിവസം തന്നെ നീർത്തട പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കർമ്മ പരിപാടികളായ കല്ല് കയ്യാല, ഗള്ളി പ്ലക്കിംഗ് എന്നിവയെക്കുറിച്ച് അവബോധക്ലാസ്സ് നൽകുകയുണ്ടായി.

### സി. ബി. ആർ മെഡിക്കൽ ക്യാമ്പ്

സി.ബി. ആർ പ്രവർത്തനത്തിന്റെ ഭാഗമായി തുടർച്ചയായി നടത്തിവരുന്ന മെഡിക്കൽ ക്യാമ്പിന്റെ മൂന്നാം ഘട്ടം നവംബർ 21-ാം തിയതി ഞായറാഴ്ച ചൈതന്യയിൽ വച്ച് നടത്തി. ആരോഗ്യ സംരക്ഷണവും ശുചിത്വവും എന്ന വിഷയത്തെക്കുറിച്ച് സിസ്റ്റർ ദീപ ക്ലാസ്സെടുത്തു. ഡോ. ഗ്രേസിക്കുട്ടി, ഡോ. റഫീക്ക് (ന്യൂറോളജിസ്റ്റ്, മെഡിക്കൽ കോളേജ്) ഡോ. ജുബിൻ (ഡെന്റിസ്റ്റ്, കാരിത്താസ്), ഡോ. ജോഫ്രി, സി. ത്രേസ്യാമ്മ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. 41 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

### മഴവെള്ള സംഭരണി ഗുണഭോക്താക്കൾക്ക് തുടർപരിശീലനം

സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി കെ. എസ്. എസ്. എസ്. ഗ്രാമതലങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനും, ഗ്രാമങ്ങളിൽ ജലസംരക്ഷണത്തിന് മാതൃകകൾ സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കിയ മഴവെള്ള സംഭരണി നിർമ്മാണം ഭവനങ്ങളിൽ നടപ്പിലാക്കിയ കിടങ്ങൂർ മേഖലയിലെയും ചുങ്കം മേഖലയിലെയും ഗുണഭോക്താക്കൾക്ക് തുടർ പരിശീലനം നൽകുകയും വിലയിരുത്തൽ നടത്തുകയും ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് നേതൃത്വം നൽകി.

### ഭവനനിർമ്മാണപദ്ധതി പങ്കാളികൾക്ക് പരിശീലനം

ജനകീയ പാർപ്പിട പദ്ധതിയുടെ ഭാഗമായിട്ട് 76 ഗ്രാമങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പരിപാടിയുടെ തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കുള്ള രണ്ടാം ഘട്ട പരിശീലനം നവംബർ മാസം 10-ാം തിയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ ചൈതന്യയിൽ വച്ച് നടത്തുകയുണ്ടായി.



### ചിത്രരചനാ മത്സരം

ശാരീരികവും മാനസികവുമായ വൈകല്യമനുഭവിക്കുന്നവരുടെ ക്രിയാത്മകമായ കഴിവുകൾ വളർത്തി അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ ചൈതന്യയിൽ വെച്ച് ചിത്രരചനാ മത്സരം നടത്തുകയുണ്ടായി. 32 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

### ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പരിശീലനം

സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി കെ. എസ്. എസ്. എസും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡിക്യാപ്പ്ഡുമായി സഹകരിച്ച് ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കായി ഏകദിന പരിശീലനം നവംബർ 11-ാം തിയതി നടത്തി. ബുദ്ധിമാന്ദ്യമുള്ളവരുടെ മാനസികവും ശാരീരികവുമായ വളർച്ചകൾ, ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കുള്ള പരിശീലനവും അതുവഴിയുള്ള സ്വയം പര്യാപ്തതയുടെ പ്രാധാന്യവും ഗവൺമെന്റ് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും നിയമ പരിരക്ഷയും എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഡോ. ലീസ, ലിൻസ് മാത്യു, ലതികാ സുഭാഷ് എന്നിവർ ക്ലാസ്സ് നയിക്കുകയുണ്ടായി. പരിശീലനത്തിൽ 115 അംഗങ്ങൾ പങ്കെടുത്തു.

### ഭാരതീയ ചികിത്സാ രീതികളുടെ പ്രചാരണവും സൗജന്യ ആയുർവേദ ചികിത്സാ ക്യാമ്പും

ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളുടെ വാർഷിക മഹോത്സവമായ ചൈതന്യാ കാർഷിക മേളയോടനുബന്ധിച്ച് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെയും കേരള വോളന്ററി ഹെൽത്ത് സർവ്വീസിന്റെയും സഹകരണത്തോടെ കെ. എസ്. എസ്. എസ്. നടപ്പിലാക്കുന്ന ഭാരതീയ ചികിത്സാ രീതികളുടെ പ്രചാരണ മേളയും സൗജന്യ ആയുർവേദ ചികിത്സാ ക്യാമ്പും നവംബർ 26, 27, 28 തിയതികളിൽ രാവിലെ 11.30 മുതൽ 12.30 വരെ കാർഷികമേളയോടനുബന്ധിച്ച് പ്രത്യേക സ്റ്റാളിൽ നടത്തുകയുണ്ടായി.

### പരിശീലനം നൽകി

രാജക്കാട് പഞ്ചായത്തിൽ കപ്പാർട്ടിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട വിവിധ പദ്ധതി ഗുണഭോക്താക്കൾക്ക് എൻ. ആർ. സിറ്റി അഗാപ്പെ സെന്ററിൽ വച്ച് ഏകദിന പരിശീലനം നൽകി. വികാരി ഫാ. ഷാജു ചാമപ്പാറ അദ്ധ്യക്ഷനായിരുന്നു. സിറിയക്ക് ജോസഫ്, സിറിയക്ക് ചൊള്ളമ്പേൽ, രോഹിത് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

# സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി

**നിത്യോപയോഗ സാധനങ്ങളുടെ പരിശീലനം:** നവോമി, സി. ബി. ആർ. ഗ്രൂപ്പുകളിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഫീൽഡ് വർക്കർ നിമ്മി ജോസിന്റെ നേതൃത്വത്തിൽ സർഫ് ഉണ്ടാക്കാൻ പഠിപ്പിച്ചു.

**ഗ്രാന്റ് നൽകി:** കുറുമുള്ളൂർ, കൈപ്പുഴ, മകുടാലയം, പുന്നത്തുറ, കിടങ്ങൂർ, മാന്നാനം ഏറ്റുമാനൂർ, ഉഴവൂർ, പേരൂർ, മള്ളൂശ്ശേരി എന്നീ ഗ്രാമങ്ങളിലെ ഗ്രൂപ്പ് അംഗങ്ങൾക്കായി 56000 രൂപ വ്യത്യസ്ത സ്വയം തൊഴിലുകൾക്കും, വിദ്യാഭ്യാസത്തിനും കെ.എസ്.എസ്.എസിൽ നിന്നും ഗ്രാന്റായി നൽകി.

**പുതിയ ഗ്രൂപ്പ്:** ചെറുകര ഗ്രാമത്തിൽ പുതിയ സി. ബി. ആർ ഗ്രൂപ്പ് ആരംഭിക്കുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**ചിത്രരചനാ മത്സരം:** സി.ബി.ആർ. കുട്ടികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിൽ ബുദ്ധിമാന്ദ്യ വിഭാഗത്തിൽ ജൂണിയർ വിഭാഗം, രാഹുൽ രാജ് കുറുമുള്ളൂർ, ആതിരഷാജി പേരൂർ, മഞ്ജു ജോസഫ് കൈപ്പുഴയും സീനിയർ വിഭാഗത്തിൽ സുരേഷ് തോമസ് ഉഴവൂർ, സിമി സേവ്യർ കൈപ്പുഴ, അഭിലാഷ് ജെയിംസ് മാന്നാനവും ശാരീരിക വൈകല്യ വിഭാഗത്തിൽ ജൂണിയർ വിഭാഗം: സനീഷ് കോതനല്ലൂർ, ഗിരീഷ് എ.എസ്. ഉഴവൂർ, അനുചന്ദ്രൻ കൈപ്പുഴയും സീനിയർ വിഭാഗത്തിൽ രമ്യാ രാജു പേരൂർ, ലിഷ പി. ജോസ് കുറുമുള്ളൂർ, ഷിജിമോൾ ജോസഫ് ചേർപ്പുങ്കലും സമ്മാനാർഹരായി.

| **സ്വാശ്രയസംഘ മഹോത്സവത്തിൽ<br>മികച്ച പ്രവർത്തനങ്ങൾക്ക് കേന്ദ്രതലത്തിൽ സമ്മാനത്തിന് അർഹരായവർ:** | |
|---|---|
| വനിതാ ലീഡർ | ലിസി സണ്ണി, മള്ളൂശ്ശേരി |
| സീനിയർ സിറ്റിസൺസ് ലീഡർ | എം.സി. മൈക്കിൾ, കൈപ്പുഴ |
| നവോമി ലീഡർ | മിനി ജോയി, മറ്റക്കര |
| സി.ബി.ആർ. ലീഡർ | മേരി സ്റ്റീഫൻ, ഉഴവൂർ |
| സ്വാശ്രയ വിപണന കേന്ദ്രം | കിടങ്ങൂർ |
| മാർക്കറ്റിംഗ് സ്പെഷ്യലിസ്റ്റ് | മിനി എബ്രഹാം, കുറുമുള്ളൂർ |
| സ്വാശ്രയസംരംഭങ്ങൾ | മോളിക്കുട്ടി ജോസഫ് പാച്ചിറ |
| സ്വാശ്രയ സംരംഭങ്ങൾ നടപ്പിലാക്കിയ ഗ്രാമം | ചേർപ്പുങ്കൽ |
| ഹരിതവേദി | പറമ്പഞ്ചേരി |
| നവോമി ഗ്രൂപ്പ് സ്കോളർഷിപ്പുകൾ Ist | ജെബിൻ പി. ടോം, കാരിത്താസ് |
| IInd | അൽഫോൻസാ ജോസഫ്, വെളിയന്നൂർ |
| IIIrd | സൗമ്യ എം. സേവ്യർ, പേരൂർ |



| | |
|---|---|
| സ്മാർട്ട് പരിശീലക | ആശ കുര്യൻ, വാകത്താനം |
| മാതൃകാ പരിസ്ഥിതി സംരക്ഷണ പ്രവർത്തനം | സ്മാർട്ട് ഗ്രൂപ്പ്, മാറിക |
| മാതൃകാ സാമൂഹ്യ പ്രവർത്തനത്തിന് അംഗീകാരം | സ്റ്റീഫൻ- അന്നക്കുട്ടി ദമ്പതികൾ, ഉഴവൂർ |
| സ്മാർട്ട് ഉപന്യാസ മത്സരം : Ist | ശ്രീരാഗ് മുരളി, വെളിയന്നൂർ |
| IInd | ജെംസി ജോസഫ്, വാകത്താനം |

**സ്മാർട്ട് ഉപന്യാസ മത്സരം മേഖലാ വിജയികൾ**

| **മേഖല** | **ഒന്നാം സ്ഥാനം** | **രണ്ടാം സ്ഥാനം** |
|---|---|---|
| ചുങ്കം | നിഷ ജോൺസൺ വാരപ്പെട്ടി | നിമ്മി കെ. സ്റ്റീഫൻ പറമ്പഞ്ചേരി |
| കൈപ്പുഴ | ഷീനാ ജോയി ഇരവിമംഗലം | ലിനുമോൾ തോമസ് മേമ്മുറി |
| ഉഴവൂർ | ശ്രീരാഗ് മുരളി വെളിയന്നൂർ | അശ്വതി ശിവൻ ഉഴവൂർ |
| കിടങ്ങൂർ | ജോസ്മോൻ കെ. ജെയിംസ് പുന്നത്തുറ | നിഖില ജോൺ നീറിക്കാട് |
| മലങ്കര | ജെംസി ജോസഫ് വാകത്താനം | രേഷ്മ ചെറിയാൻ കല്ലിശ്ശേരി |
| കടുത്തുരുത്തി | ശ്രീതു പി.ആർ. കുറുപ്പന്തറ | ജിന്റു ജോസ് കടുത്തുരുത്തി |
| ഇടയ്ക്കാട് | ഫെലിക്സ് സാബു എസ്.എച്ച്. മൗണ്ട് | ഗ്രീഷ്മ സജി മള്ളൂശ്ശേരി |

## സമ്മാനക്കൂപ്പൺ വിജയികൾ

ഏഴാമത് സ്വാശ്രയസംഘ മഹോത്സവത്തോടനുബന്ധിച്ചു നടപ്പിലാക്കിയ കൂപ്പൺ സമ്മാന പദ്ധതിയുടെ നറുക്കെടുപ്പിലൂടെ സമ്മാനാർഹമായ നമ്പരുകൾ, 1–ാം സമ്മാനം 26642, രണ്ടാം സമ്മാനം 14243, മൂന്നാം സമ്മാനം – 2970, നാലാം സമ്മാനം – 10626, അഞ്ചാം സമ്മാനം – 2509, ആറാം സമ്മാനം – 3525. പ്രോത്സാഹന സമ്മാനത്തിന് അർഹമായ നമ്പരുകൾ 1290, 3504, 16322, 3890, 8567, 4479, 5857, 3714, 1335, 12482. ഗ്രാമവികസന സമിതികളുടെ ഫണ്ട് ശേഖരണത്തിനായി ഇറക്കിയ കൂപ്പണുകൾ എടുത്ത് പങ്കാളികളായ എല്ലാ സുഹൃത്തുക്കൾക്കും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അഭിനന്ദനം അറിയിക്കുന്നു.

# പരിസ്ഥിതിയും കുട്ടികളും

*(സ്മാർട്ട് ഗ്രൂപ്പ് ഉപന്യാസ മത്സരത്തിൽ ഒന്നാം സ്ഥാനത്തിനർഹമായ ഉപന്യാസത്തിന്റെ സംക്ഷിപ്ത രൂപം )*

**അ**നുദിനം വികസനത്തിന്റെ പാതയിൽ സഞ്ചരിക്കുന്ന ലോകത്ത്

മനുഷ്യൻ സാങ്കേതിക രംഗത്തും വിദ്യാഭ്യാസ രംഗത്തും മുൻപന്തിയിൽ നിൽക്കുന്നു. അതോടൊപ്പം മരണത്തേയും രോഗങ്ങളേയും തോൽപ്പിക്കാൻ അവൻ വെമ്പൽ കൊള്ളുന്നു. ജീവന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന പല പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങളിലേക്കും മനുഷ്യൻ അവന്റെ ദൃഷ്ടി തിരിക്കുന്നു. അനുനിമിഷം കോടിക്കണക്കിന് വാഹനങ്ങൾ ഓടിക്കൊണ്ടിക്കുന്നതുമൂലം ഉണ്ടാകുന്ന വായു മലിനീകരണം അന്തരീക്ഷത്തിൽ പ്രാണവായുവിന്റെ അളവിനെ ഗണ്യമായി കുറയ്ക്കുകയും ആസ്മ, വിട്ടുമാറാത്ത ജലദോഷം, ചുമ എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് വഴി തെളിക്കുകയും ചെയ്തു.

മണ്ണ്, ജലം, എന്നിവയുടെ മലിനീകരണം ശുദ്ധജല ദൗർലഭ്യത്തിനും മണ്ണിന്റെ ഗുണമേന്മ കുറയുന്നതിനും കാരണമായി. സ്കൂളുകളിലും വീടുകളിലുമുള്ള മാലിന്യകൂമ്പാരങ്ങളിൽ നല്ലൊരു വിഭാഗം കുട്ടികളും ഉത്തരവാദികളാണ്.

1984 ൽ നടന്ന ഭോപ്പാൽ ദുരന്തവും അതുമായി ബന്ധപ്പെട്ടുണ്ടായ പരിസ്ഥിതി പ്രശ്നങ്ങൾ, മറ്റു രാജ്യങ്ങളിൽ നിരോധിക്കപ്പെട്ട കീടനാശിനികളുടെ ഉപയോഗവും നിർമ്മാണവും, പ്ലാസ്റ്റിക് വസ്തുക്കളുടെ അമിത ഉപയോഗം, ജീവന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യപ്പെടുന്ന വനനശീകരണം എന്നിവ പല പരിസ്ഥിതി പ്രശ്നങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്.

കേരളം ഇന്ന് പല പരിസ്ഥിതി പ്രശ്നങ്ങൾക്കു നടുവിലാണ്. അനിയന്ത്രതമായ മണൽ വാരൽ, ഭൂഗർഭ ജലം ഊറ്റിയെടുക്കാൻ വരുന്ന ബഹുരാഷ്ട്ര കമ്പനികൾ, കരിമണൽ ഖനനം, നിരോധിക്കപ്പെട്ട് കീടനാശിനികളുടെ ഉപയോഗം, മാലിന്യങ്ങൾ ചുമക്കുന്ന നദികൾ എന്നിവ കേരളം നേരിടുന്ന പ്രശ്നങ്ങളിൽ ചിലതു മാത്രമാണ്.

'വീടു നന്നായാലേ നാടു നന്നാവൂ' എന്ന പഴമൊഴി അന്വർത്ഥമാക്കി കുട്ടികൾ പരിസ്ഥിതി, സൗഹാർദ്ദ പ്രവർത്തനങ്ങൾക്ക് മുന്നോട്ടിറങ്ങി വരേണ്ട സമയമാണിത്. മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് കുട്ടികൾ സഹപാഠികൾക്ക് തന്നെ അവബോധം നൽകണം. വനവത്ക്കരണം, മാലിന്യസംസ്കരണം എന്നീ പരിപാടികളിൽ കുട്ടികൾ സജീവമായി പങ്കെടുക്കണം. പ്ലാസ്റ്റിക് നിർമ്മാർജന പരിപാടികളൽ പങ്കെടുത്തും സ്കൂളുകളിലും വീടുകളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി കുറച്ചും കുട്ടികൾക്ക് പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിൽ പങ്കുകാരാകാൻ കഴിയും.

**മാസ്റ്റർ ശ്രീരാഗ് മുരളി**
**വെളിയന്നൂർ**



കഥ

# മിഴിനീർ പൂക്കൾ

പച്ചവിരിച്ച പാടം. കളകുളപാടി ഒഴുകുന്ന പുഴകൾ. നിരനിരയായ കുന്നുകൾ മനോഹരമായ ആ ഗ്രാമത്തിന്റെ ഒരു കോണിലാണ് മാലതിയുടെ കൊച്ചു കുടിൽ. മനോരോഗിയായ അമ്മയും വികലാംഗയായ അനുജനും മാലതിയുമാണ് ആ കൊച്ചുകുടിലിൽ താമസിക്കുന്നത്. അവരുടെ അച്ഛൻ പാറമടയിൽ ജോലിക്കാരനായിരുന്നു. ഒരു ദിവസം വെടിപൊട്ടിയപ്പോൾ ഒരു പാറക്കഷണം തെറിച്ച് തലയിൽ വന്നിടിച്ച് മരിക്കുകയായിരുന്നു. അന്നുമുതലാണ് അമ്മ മനോരോഗിയായത്. 12 വയസ്സുള്ള മാലതിയുടെ പഠിപ്പും മുടങ്ങി. കൊച്ചനുജനെയും അമ്മയെയും സംരക്ഷിക്കേണ്ട ചുമതല അവൾക്കായി. 12 വയസ്സുകാരിക്ക് ആരാണ് ജോലി കൊടുക്കുക. ഭക്ഷണം വേണം. അമ്മക്ക് മരുന്നു വേണം അവൾ ഒരു തൊഴിൽ കണ്ടെത്തി. പൂക്കൾ ശേഖരിച്ച് മാലകെട്ടി പട്ടണത്തിൽ കൊണ്ടുപോയി വിൽക്കും. ഒരു നേരം എങ്കിലും ഭക്ഷണം കഴിക്കാനുള്ള വക കിട്ടും. അമ്മയ്ക്ക് പനി തുടങ്ങിയിട്ട് രണ്ടുദിവസമായി അന്ന് പൂവിൽക്കാൻ താമസിച്ചാണ് അവൾക്ക് പോകുവാൻ സാധിച്ചത്. ഇന്നത്തെ പൈസ കൊണ്ട് അമ്മയ്ക്ക് മരുന്നു വാങ്ങണം എന്നോർത്ത് അവൾ ഓടുകയാണ്. അവൾ പൂവ് വിൽക്കുന്നിടത്തെല്ലാം ആരോ പൂവ് നേരത്തെ കൊടുത്ത് കടന്നു പോയിരുന്നു. അന്ന് വളരെ ദൂരം സഞ്ചരിച്ച ശേഷമാണ് അവൾക്ക് പൂമാല വിൽക്കുവാൻ സാധിച്ചത്. പൂവ് വിറ്റു കിട്ടിയ പൈസയും കൊണ്ട് മരുന്നു വാങ്ങി ഓടിയാണ് അവൾ വീട്ടിലെത്തിയത്. അനുജൻ അമ്മയെ കെട്ടിപ്പിടിച്ച് ഉറങ്ങുന്നു. അമ്മ കണ്ണുകൾ അടച്ചിരിക്കുന്നു. അമ്മയ്ക്ക് മരുന്നു കൊടുക്കുവാനായി അമ്മയെ മാലതി കുലുക്കി വിളിച്ചു. അമ്മ അവരെ വിട്ട് മറ്റൊരു ലോകത്തേക്കു പറന്നുപോയിരുന്നു. തന്റെ കുഞ്ഞനുജനെ മാറോടടക്കി പിടിച്ച് അമ്മയുടെ ചിതയിലേക്ക് നോക്കി അവൾ വിങ്ങി വിങ്ങിക്കരഞ്ഞു.

ആൻസില ബേബി
തടിയമ്പാട്.

# മേഖലാ വാർത്തകൾ

## ചുങ്കം മേഖല

**ഗ്രാമോത്സവ്:** മ്രാല ഗ്രാമത്തിലെ വിവിധ സ്വാശ്രയ സംഘങ്ങളുടെ വാർഷിക മഹോ

ത്സവം നവംബർ 7-ാം തിയതി നടത്തുകയുണ്ടായി. ലതികാ സുഭാഷ്, സി. ലിനറ്റ്, ഷീല സ്റ്റീഫൻ എന്നിവർ സ്ത്രീ ശക്തീകണം, ഗ്രൂപ്പിന്റെ നടപടി ക്രമങ്ങൾ, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു.തുടർന്ന് ഫാ. ബെന്നി കന്നുവെട്ടിയേലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. കെ. കെ. തോമസ്, ജോമോൻ ഫിലിപ്പ്, ഫാ. ജോർജ് മുണ്ടയ്ക്കൽ മണ്ണിരയുടെ വിതരണോദ്ഘാടനവും ആശംസയും അർപ്പിച്ചു. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**മണ്ണിര കമ്പോസ്റ്റ്: മാറിക:** സ്നേഹദിപം ഗ്രൂപ്പിലെ അംഗങ്ങളെ മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാൻ പഠിപ്പിച്ചു.

**ഭാരവാഹികളുടെ മീറ്റിംഗ്: വടക്കുംമുറി:** ഫാ. മാത്യു പാറത്തോട്ടുംകരയുടെ അദ്ധ്യക്ഷതയിൽ ഭാരവാഹി മീറ്റിംഗ് കൂടുകയും ഗ്രാമോത്സവം,കലണ്ടർ, കാർഷിക മേള എന്നീ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. **മുട്ടം:** ഫാ. ജേക്കബ് മാലിതുരുത്തേലിന്റെ അദ്ധ്യക്ഷതയിൽ ഭാരവാഹികളുടെ മീറ്റിംഗ് കൂടുകയും സെമിനാർ, കലണ്ടർ, കാർഷികമേളഎന്നീ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി ഭാവി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**വിനോദയാത്ര:** വടക്കുംമുറിയിലെ അംഗങ്ങൾ മലമ്പുഴയ്ക്ക് വിനോദയാത്ര നടത്തി.

**സ്റ്റാൾ ഇട്ടു:** ചുങ്കം: തിരുന്നാളിന് വനിത ഗ്രൂപ്പ് അംഗങ്ങൾ സ്വാശ്രയ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു.

**വരുമാന പദ്ധതികൾ:** വടക്കുംമുറി: സനി ജോർജ് വിക്സ്, ലോഷൻ എന്നിവ ഉണ്ടാക്കി വിൽക്കുന്നു. ചുങ്കം: കൃപ ഗ്രൂപ്പിലെ ചിന്നമ്മ തോമസ് പപ്പടം നിർമ്മാണ യൂണിറ്റ് തുടങ്ങി. ചുങ്കം ഗ്രാമത്തിലെ ഏറ്റവും കൂടുതൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ഒന്നാം സമ്മാനത്തിന് ലാലി ജോസഫിനെ തിരഞ്ഞെടുത്തു.

**വരുമാന പദ്ധതി:** വാരപ്പെട്ടി, സമഭാവ, സ്നേഹ ദീപം എന്നീ ഗ്രൂപ്പിലെ 10 അംഗങ്ങൾ ചേർന്ന് 3 ഏക്കർ 50 സെന്റ് സ്ഥലത്ത് കന്നാരകൃഷി ചെയ്യുന്നു. സ്നേഹദീപം ഗ്രൂപ്പിലെ അംഗമായ അന്നമ്മ ജോയി മുയൽ വളർത്തുന്നു.

## കടുത്തുരുത്തി മേഖല

**സ്വയം തൊഴിൽ: കരിപ്പാടം:** ചൈതന്യാ ഗ്രൂപ്പിലെ പത്മിനി ബാലനും മരിയാ ഗ്രൂപ്പിലെ മിനി തോമസും നിത്യോപോഗ സാധനങ്ങൾ ഉണ്ടാക്കി വിൽപ്പന നടത്തുന്നു.പിറവം: ആദിത്യാ സ്വാശ്രയ സംഘാംഗങ്ങളെ വിപണന കേന്ദ്രക്കാരുടെ നേതൃത്വത്തിൽ സർഫ് ഉണ്ടാക്കാൻ പഠിപ്പിച്ചു. സ്നേഹ, പ്രതീക്ഷാ, ഉഷസ്സ് എന്നീ ഗ്രൂപ്പുകളിൽ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കുവാൻ ലീഡേഴ്സിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി. **പൂഴിക്കോൽ:** ആലീസ് ജോണിന്റെ നേതൃത്വത്തിൽ ദീപം ഗ്രൂപ്പ് അംഗങ്ങളെ സർഫ് ഉണ്ടാക്കാൻ പഠിപ്പിച്ചു. കരുണാ ഗ്രൂപ്പ് അംഗം അനിതാ ബേബി റെഡി മെയ്ഡ് ഐറ്റംസ് വിൽപ്പന നടത്തുന്നു. **പാഴുതുരുത്ത്:** ഐശ്വര്യാ ഗ്രൂപ്പിലെ മേരി ജോയി നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പന നടത്തുന്നു. **ഞീഴൂർ:** ദീപം ഗ്രൂപ്പ് അംഗമായ അന്നമ്മ ചാക്കോച്ചൻ നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പന നടത്തുന്നു. **അറുനൂറ്റിമംഗലം:** ധനുശ്രീ ഗ്രൂപ്പംഗമായ ഇന്ദു പുഷ്കരൻ റേഷൻ കട നടത്തുന്നു.



**ഭാരവാഹികളുടെ മീറ്റിംഗ്:** പിറവം, ഞീഴൂർ, പൂഴിക്കോൽ, കടുത്തുരുത്തി വികാരിയച്ചൻമാരുടെ അദ്ധ്യക്ഷതയിൽ കോർഡിനേറ്ററിന്റെ സാന്നിദ്ധ്യത്തിൽ സ്വാശ്രയസംഘ മഹോത്സവം, ലീഡേഴ്സ് ട്രെയിനിംഗ്, സ്മാർട്ട് സംഗമം, ടൂർ എന്നീ കര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു.

**സ്മാർട്ട് സംഗമം:** പിറവം, മാങ്കിടപ്പള്ളി, തോട്ടറ, കരിപ്പാടം എന്നീ ഗ്രാമങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി പിറവം പാരീഷ് ഹാളിൽ വച്ച് സ്മാർട്ട് സംഗമം നടന്നു. ഫാ. മാത്യൂ ഏറ്റിയപ്പള്ളിയുടെ അദ്ധ്യക്ഷതിയൽ ജോമോൻ തോമസ്, കോർഡിനേറ്റർ ആൻസി സ്റ്റീഫൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**പുതിയ ഗ്രൂപ്പ്:** പൂഴിക്കോൽ: ഫാ. കുര്യാക്കോസ് താഴത്തോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ സീനിയർ ഗ്രൂപ്പ് ആരംഭിച്ചു. കോർഡിനേറ്റർ ആൻസി സ്റ്റീഫൻ ആമുഖ പ്രസംഗവും സി. ആനറ്റ് ആശംസയും നേർന്നു.

## കൈപ്പുഴ മേഖല

**ഗ്രാമോത്സവം:** കൈപ്പുഴ ഗ്രാമത്തിലെ വിവിധ സ്വാശ്രയ സംഘംഗങ്ങളുടെ വാർഷിക മഹോത്സവം ഒക്ടോബർ 30 ന് നടത്തുകയുണ്ടായി. ലതികാ സുഭാഷ്, സി. ലിനറ്റ്, ഫാ. ജേക്കബ് കുറുപ്പിനകത്ത് എന്നിവർ സ്ത്രീ ശാക്തീകരണം, സ്വാശ്രയസംഘ പ്രവർത്തന ശൈലി, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. ഫാ. തോമസ് തറയിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം പഞ്ചായത്ത് പ്രസിഡന്റ് ലൂക്കോസ് തോമസ് തോട്ടുങ്കൽ ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. ബിൻസി ജോസ് സ്വാഗതവും ലിസി ലൂക്കോസ് നന്ദിയും പറഞ്ഞു.

**കാൻസർ ബോധവത്ക്കരണ സെമിനാർ: കുറുമുള്ളൂർ:** നവംബർ 13-ാം തീയിതി സെന്റ് സ്റ്റീഫൻസ് ചർച്ച് പാരീഷ് ഹാളിൽ വച്ച് ഫാ. പത്രോസ് ചമ്പക്കരയുടെ അദ്ധ്യക്ഷതയിൽ കാൻസർ രോഗത്തെക്കുറിച്ച് ബോധവൽക്കരണ സെമിനാർ നടത്തി. കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ

ഡോ. ജോജോ ജോസഫ് ക്ലാസ്സ് നയിച്ചു.

**ഭാരവാഹികളുടെ മീറ്റിംഗ്:** കല്ലറ പുത്തൻ, ഇരവിമംഗലം, നീണ്ടൂർ, ചാമക്കാല എന്നീ ഗ്രാമങ്ങളിൽ ഭാരവാഹി മീറ്റിംഗ് കൂടുകയും കാർഷികമേള, ഗ്രാമോത്സവം, അടുക്കളത്തോട്ടം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ചർച്ച ചെച്ചയുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ഗ്രാമതലസെമിനാർ: ചാമക്കാല:** ചാമക്കാല എൽ. പി. സ്കൂളിൽ വച്ച് ഫാ. ഫിലിപ്പ് ആനിമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ സ്ത്രീയും കുടുംബവും എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. സി. ലീസാ ക്ലാസ്സെടുത്തു.

മാന്നാനം: നിർമ്മലാ ബാലവാടിയിൽ വച്ച് മാനസികാരോഗ്യം എന്ന വിഷയത്തെ  ആസ്പദമാക്കി രോഹിത് ജോസഫ് ക്ലാസ്സെടുത്തു.

**പുതിയ ഗ്രൂപ്പ്:** കല്ലറ പുത്തൻ, കുറുമുള്ളൂർ എന്നീ ഗ്രാമങ്ങളിൽ അൽഫോൻസാ, സെന്റ് പോൾ എന്നീ പേരുകളിൽ പുതിയ വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ച് ഭാരവാഹികളെ തെരെഞ്ഞെടുത്തു.

**വരുമാനപദ്ധതി:** പഴയകല്ലറ: വിജയാ ഗ്രൂപ്പിലെ അംഗങ്ങൾ തേയില, അച്ചാർ,ലോഷൻ എന്നിവ ഉണ്ടാക്കി വിൽക്കുന്നു. സ്നേഹാ ഗ്രൂപ്പംഗങ്ങൾ പൽപ്പൊടി, വിന്നാഗിരി, ലിക്വിഡ് സോപ്പ്, ഗോതമ്പ് പൊടി എന്നിവ ഉണ്ടാക്കി വിൽക്കുന്നു.

**സമ്മാനം നേടി:** ചാമക്കാല സ്മാർട്ട് ഗ്രൂപ്പിലെ അരുൺ ഇ. റ്റി. കുറവിലങ്ങാട് വച്ച് നടത്തിയ വർക്ക് എക്സ്പീരിയൻസിൽ പങ്കെടുക്കുകയും കൊത്തുപണി മത്സരത്തിന് 2-ാം സമ്മാനം കരസ്ഥമാക്കുകയും ചെയ്തു.

## മലങ്കര മേഖല

**ഗ്രാമോത്സവം:** ഇരവിപേരൂർ, കറ്റോട് എന്നീ ഗ്രാമങ്ങളിലെ സ്വാശ്രയ സംഘാംഗങ്ങളുടെ വാർഷികമഹോത്സവം നവംബർ 11-ാം തിയതി നടത്തി. അഞ്ചിത്ത് എബ്രാഹാം, ബസ്സി ജോസ്, പി. ജെ. മാത്യു എന്നിവർ സ്ത്രീ ശാക്തീകരണം സ്വാശ്രയസംഘ പ്രവർത്തന ശൈലി കുടുംബ ജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. ഫാ. ടോമി പട്ടുമാക്കിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. അനന്ത ഗോപാലൻ ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്തു പ്രസിഡന്റ് എം. കെ. ജോൺ, വാർഡ് മെമ്പർ ലീലാമ്മ പാപ്പൻ എന്നിവർ അശംസകളർപ്പിച്ചു. നറുക്കെടുപ്പിലൂടെ ദമ്പതികൾക്ക് സമ്മാനം വിതരണം ചെയ്തു. ഏലിയാമ്മ തങ്കച്ചൻ സ്വാഗതവും അരുന്ധതി ചന്ദ്രൻ നന്ദിയും പറഞ്ഞു.

**ഗ്രാമോത്സവം:** കല്ലിശേരി, തിരുവൻവണ്ടൂർ ഗ്രാമത്തിലെ സ്വാശ്രയ സംഘാംഗങ്ങളുടെ വാർഷിക മഹോത്സവം നവംബർ 13-ാം തിയതി നടത്തുകയുണ്ടായി. അഞ്ചിത്ത് എബ്രഹാം, സി. ലിനറ്റ്,  പി. ജെ. മാത്യു എന്നിവർ സ്ത്രീ ശാക്തീകരണം, സ്വാശ്രയ സംഘ പ്രവർത്തന ശൈലി കുടുംബ ജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. ഫാ. തോമസ് കൊച്ചുവട്ടോത്തറയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം മുൻ കേന്ദ്രമന്ത്രി പ്രൊഫ. പി. ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തുകയും കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് ചാർളി എബ്രഹാം ആശംസകൾ അർപ്പിക്കുകയും ചെയ്തു. നറുക്കെടുപ്പിലൂടെ ദമ്പതികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ബിജി അനി സ്വാഗതവും, ലീലാമ്മ ജോസ് നന്ദിയും പറഞ്ഞു.



**ഭാരവാഹികളുടെ മീറ്റിംഗ്:** വാകത്താനം, കല്ലിശ്ശേരി, കുന്നംങ്കരി, എന്നീ ഗ്രാമങ്ങളിൽ കോർഡിനേറ്റർ മേഴ്സി സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ ഭാരവാഹികളുടെ മീറ്റിംഗ് കൂടി. ഭാവി പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഗ്രാമോത്സവം, കാർഷികമേള, സെമിനാർ, കലണ്ടർ എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു.

**ലൈബ്രറി ആരംഭിച്ചു:** വാകത്താനം ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 30-ാം തിയതി ഫാ. മാത്യു മേലേടത്തിന്റെ അദ്ധ്യക്ഷതയിൽ ലൈബ്രറി ആരംഭിച്ചു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പ്രസ്തുത പരിപാടിയിൽ സിസ്റ്റേഴ്സ്, സ്വാശ്രയ സംഘാംഗങ്ങൾ, സ്മാർട്ട് കുട്ടികൾ അനിമേറ്റർ എന്നിവർ നേതൃത്വം നൽകി.

**ഹരിത വിദ്യാലയം: പാച്ചിറ**: ഫാ. സ്റ്റീഫൻ കുഴിപ്ലാക്കലിന്റെ സാന്നിദ്ധ്യത്തിൽ ഹരിതവിദ്യാലയത്തിന് സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നട്ട് പദ്ധതിക്ക് തുടക്കം കുറിച്ചു.

**സ്മാർട്ട് സംഗമം:** നവംബർ 20-ാം തിയതി 10.30 ന് കല്ലിശ്ശേരി സെന്റ് മേരീസ് സ്കൂളിൽ വച്ച് കല്ലിശ്ശേരി, ഓതറ, കുറ്റൂർ, ഇരവിപേരൂർ എന്നീ ഗ്രാമങ്ങളിലെ കുട്ടികൾക്ക് ഏകദിന സെമിനാർ നടത്തി. സി. സ്റ്റെല്ല മരിയ, ജോമോൻ, രോഹിത് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. ഗെയിംസ്  നടത്തി സമ്മാനങ്ങൾ നൽകി.

**മണ്ണിര കമ്പോസ്റ്റ്:** പാച്ചിറ ഗ്രാമത്തിലെ 18 സ്വാശ്രയ സംഘാംഗങ്ങൾ മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കി.

**വരുമാനപദ്ധതി പരിശീലനം :പാച്ചിറ:** ഹോളിമേരി, കരുണ എന്നീ ഗ്രൂപ്പിലെ അംഗങ്ങളെ ഡെയ്സിയുടെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കാൻ പഠിപ്പിച്ചു. **ഇരവിപേരൂർ:** നവജ്യോതി, കുറ്റൂർ: ഐശ്വര്യ, കൃപ, റാന്നി : കരുണ, കാരുണ്യ, ചിങ്ങവനം, കീർത്തി എന്നീ ഗ്രൂപ്പുകളിൽ അനിമേറ്ററുടെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കാൻ പഠിപ്പിച്ചു.

**പുതിയ ഗ്രൂപ്പ്:** ചിങ്ങവനത്ത് ശാന്തി എന്ന പേരിൽ പുതിയ വനിതാ ഗ്രൂപ്പ് രൂപീകരിച്ച് ഭാരവാഹികളെ തിരെഞ്ഞെടുത്തു.

**വരുമാന പദ്ധതി: പാച്ചിറ:** ഗൃഹ ലക്ഷ്മി ഗ്രൂപ്പംഗമായ സുബി റെജി പലഹാരകച്ചവടം നടത്തുന്നു. കരുണ ഗ്രൂപ്പംഗമായ ലതിക നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു. **വാകത്താനം:** സത്യദീപം ഗ്രൂപ്പംഗമായ സുമ ജോസ് നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു. നവോമി ഗ്രൂപ്പിലെ സൂസമ്മ കുര്യൻ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു.

## ഹൈറേഞ്ച് മേഖല

**വരുമാന പദ്ധതി:** തെള്ളിത്തോട്ടിലെ ചൈതന്യ ഗ്രൂപ്പിലെ സെലിൻ ടോമി വിക്സ് ഉണ്ടാക്കി വിൽപ്പന നടത്തുന്നു. പ്രിയദർശിനി ഗ്രൂപ്പിലെ സൂസമ്മ ബേബി പലഹാരം, കറിപ്പൊടികൾ എന്നിവ നിർമ്മിച്ച് വിൽപ്പന നടത്തുന്നു. ഐശ്വര്യ ഗ്രൂപ്പിൽ സർഫ്, ടൂത്ത് പൗഡർ എന്നിവ നിർമ്മിക്കുവാൻ പഠിപ്പിച്ചു. സ്നേഹദീപം, അൽഫോൻസാ, തെരേസാ ഗ്രൂപ്പുകളിൽ വിക്സ്, ലിക്വിഡ് സോപ്പ് എന്നിവ നിർമ്മിച്ചു.തെരേസാ ഗ്രൂപ്പുകാർ ചേമ്പ് കൃഷി നടത്തി 6000 രൂപ ലാഭം ലഭിച്ചു. **പൂതാളി:** അഞ്ജലി ഗ്രൂപ്പിൽ 17 അംഗങ്ങൾ ചേർന്ന് ഉരഗുളിക, മുറിവെണ്ണ എന്നിവ നിർമ്മിച്ചു. ഗ്രാന്റ് ലഭിച്ചു : പൂതാളിയിലെ അഞ്ജലി, അർച്ചന എന്നീ ഗ്രൂപ്പുകൾക്ക് കൂട്ടുകൃഷിക്ക് 2500 രൂപ പഞ്ചായത്തിൽ നിന്ന് ഗ്രാന്റ് ലഭിച്ചു.

**ഓഡിറ്റിംഗ് നടത്തി:** ബൈസൺ വാലിയിലെ കർഷകസംഘത്തിന്റെ 3 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്ത് ഓഹരിയും ലാഭവിഹിതവും അംഗങ്ങൾക്ക് വീതിച്ചു കൊടുത്തു.

## ഉഴവൂർ മേഖല

**ഗ്രാമതല ഭാരവാഹികളുടെ മീറ്റിംഗ്: ഇടക്കോലി:** ഫാ. സിറിയക്ക് കോതാകുളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കാർഷികമേളാ കൂപ്പൺ,കലണ്ടർ, കാർഷിക മേള പങ്കാളിത്തം, ഗ്രൂപ്പ് ശാക്തീകരണം ക്രെഡിറ്റ് യൂണിയൻ എന്നീ വിഷയങ്ങളെക്കുറിച്ച് കോർഡിനേറ്റർ ജാൻസി ജോയിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി. **പയസ്മൗണ്ട്:** ഫാ. ജോർജ് വണ്ടന്നൂരിന്റെ അദ്ധ്യക്ഷതയിൽ ഭാരവാഹികളുടെ മീറ്റിംഗ് കൂടി. കാർഷിക മേള, കാൻസർ ക്ലാസ്സ് , കൂപ്പൺ എന്നിവയെക്കുറിച്ച് ചർച്ച നടത്തി. വെളിയന്നൂർ: ജാൻസി ജോയിയുടെ നേതൃത്വത്തിൽ ഭാരവാഹികളുടെ മീറ്റിംഗ് കൂടി കാർഷിക മേള കൂപ്പൺ, കലണ്ടർ, പിക്കിനിക്ക്, ഹരിതവേദി എന്നിവ ചർച്ച നടത്തി. **പുതുവേലി:** ഗ്രാമതല പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സ്വയാശ്രയ സംഘ മഹോത്സവം



കൂപ്പൺ., കലണ്ടർ, പിക്കിനിക്, ഹരിതവേദി എന്നിവ ചർച്ച നടത്തി. **അമനകര:** ഫാ. ജോസഫ് ഈഴാറത്തിന്റെ അദ്ധ്യക്ഷതയിൽ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി ഭാവിപ്രവർത്തനത്തെക്കുറിച്ച് ചർച്ച നടത്തി. കലണ്ടർ, കൂപ്പൺ, സംഘചൈതന്യയുടെ പ്രസക്തി, എന്നീ വിഷയങ്ങളെക്കുറിച്ച് ജാൻസി ജോയി വിശദീകരിച്ചു.

**സ്വയം തൊഴിൽ: അമനകര:** അനുഗ്രഹ ഗ്രൂപ്പിലെ ലിസി ടോമിയും ദീപ്തി ഗ്രൂപ്പിലെ രാജമ്മ ഗോപിയും മുയൽ വളർത്തുന്നു. ഉദയാ ഗ്രൂപ്പിലെ ഷൈനി സ്റ്റീഫൻ, കാരുണ്യ ഗ്രൂപ്പിലെ സുനി ജോണി, സെന്റ് മേരീസ് ഗ്രൂപ്പിലെ എത്സമ്മ, ലീലാമ്മ കുര്യൻ എന്നിവർ സി. സി. യിൽ നിന്ന് ലോൺ എടുത്ത് വരുമാനപദ്ധതി ആരംഭിച്ചു. **ഇടക്കോലി:** ശരണ്യ ഗ്രൂപ്പിൽ സോപ്പ്, സർഫ്, എന്നിവ ഉണ്ടാക്കുവാൻ അനിമേറ്റർ ആലീസ് മാത്യുവിന്റെ നേതൃത്വത്തിൽ ഗ്രൂപ്പംഗങ്ങളെ പഠിപ്പിച്ചു. ഉഴവൂർ: ഐശ്വര്യ ഗ്രൂപ്പിലെ മേഴ്സി സ്റ്റീഫൻ തേനീച്ച വളർത്തൽ ആരംഭിച്ചു.

**പുതിയ ഗ്രൂപ്പ്:** ഉഴവൂർ അനാമിക എന്നപേരിൽ പുതിയ ഗ്രൂപ്പ് രൂപീകരിച്ചു.

**സ്മാർട്ട് സംഗമം:** ഉഴവൂർ യു. പി. സ്കൂളിൽ വച്ച് ശ്രീമതി ജാൻസി ജോയിയുടെ അദ്ധ്യക്ഷതയിൽ ഉഴവൂർ, പയസ് മൗണ്ട്, മോനിപ്പള്ളി, ഇടക്കോലി, എന്നീ ഗ്രാമങ്ങളിലെ കുട്ടികളെ ഒന്നിപ്പിച്ചുകൊണ്ട് സമ്മാനദാനം നടത്തി. കുമാരി അഞ്ചു, ലിൻസ് എന്നിവർ നേതൃത്വം നൽകി.

**മേഖലാ ഫെഡറേഷൻ മീറ്റിംഗ്:** ഉഴവൂർ: ഫാ. സൈമൺ ഇടത്തിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ലീഡേഴ്സ് ട്രെയിനിംഗ് വിലയിരുത്തി. കാർഷികമേള, ഗ്രാമതല പ്രവർത്തനങ്ങൾ ഭാരവാഹികളുടെ പങ്കാളിത്തം, പിക്നിക്ക് പുതിയ ഗ്രൂപ്പിന്റെ രൂപീകരണം, മേഖലാ ശക്തിപ്പെടുത്തൽ, ഗ്രാമോത്സവം, കൂപ്പൺ, കലണ്ടർ, വിപണനകേന്ദ്രം എന്നിവയെക്കുറിച്ച് കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ ചർച്ച നടത്തി.

## ഇടയ്ക്കാട്ട് മേഖല

**പുതിയ ഗ്രാമവികസന സമിതി: വെച്ചൂർ:** ഫാ. ജെയിംസ് ചെരുവിലിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമവികസന സമിതി രൂപീകരിച്ചു. ഭാരവാഹികളെ തെരെഞ്ഞെടുത്തു. കോർഡിനേറ്റർ മേരിക്കുട്ടി ജോയി ഗ്രാമവികസന സമിതിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**ലീഡേഴ്സ് മീറ്റിംഗ്: എസ്. എച്ച് മൗണ്ട്:** കോർഡിനേറ്ററുടെ നേതൃത്വത്തിൽ ലീഡേഴ്സ് മീറ്റിംഗ് കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സ്വാശ്രയ സംഘ മഹോത്സവവും ഗ്രാമോത്സവം എന്നിവ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. **ചാരമംഗലം:** അനിമേറ്ററുടെ നേതൃത്വത്തിൽ ലീഡേഴ്സ് മീറ്റിംഗ് കൂടുകയും സ്വാശ്രയ സംഘ മഹോത്സവം ചർച്ച ചെയ്യുകയും ചെയ്തു. **ചാരമംഗലം:** അനിമേറ്ററുടെ നേതൃത്വത്തിൽ

## ആദരാഞ്ജലി

**കടുത്തുരുത്തി:** വിശ്വദീപ്തി ഗ്രൂപ്പംഗമായ ലീലാ ശശിധരൻ നിര്യാതനായി. **അരീക്കര:** സീനിയർ സിറ്റിസൺ ഗ്രൂപ്പംഗമായ മേരി ലൂക്കോസ് നിര്യാതയായി. **കൈപ്പുഴ:** സീനിയർ സിറ്റിസൺ ഗ്രൂപ്പംഗമായ ജാനകി കുഞ്ഞൻ നിര്യാതയായി. **വാകത്താനം:** ഐശ്വര്യ ഗ്രൂപ്പ് അംഗമായ രമണിയുടെ ഭർത്താവ് കൊച്ച്കുഞ്ഞ് നിര്യാതനായി. **മാറിക:** പ്രതീക്ഷ ഗ്രൂപ്പംഗമായ മോനിയുടെ ഭർത്താവ് മാത്യു നിര്യാതയായി. **മാറിക:** അമല ഗ്രൂപ്പംഗമായ അന്നമ്മയുടെ മാതാവ് മറിയാമ്മ ജോസഫ് നിര്യാതയായി. **കട്ടച്ചിറ:** സീനിയർ സിറ്റിസൺ ഗ്രൂപ്പംഗമായ തോമസ് മുതുകാട്ടിൽ നിര്യാതനായി.

ലീഡേഴ്സ് മീറ്റിംഗ് കൂടുകയും സ്വാശ്രയ മഹോത്സവം ചർച്ച ചെയ്യുകയും ചെയ്തു. **കണ്ണങ്കര:** ഫാ. സണ്ണി വേങ്ങച്ചേരിയിലിന്റെ അദ്ധ്യക്ഷതയിൽ ലീഡേഴ്സ് മീറ്റിംഗ് കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഗ്രാമോത്സവ്, സ്വാശ്രയ സംഘ മഹോത്സവം, പുതിയ ഗ്രൂപ്പുകൾ എന്നിവയെപ്പറ്റി കോർഡിനേറ്റർ വിശദീകരിച്ചു. **സംക്രാന്തി:** കോർഡിനേറ്ററുടെ നേതൃത്വത്തിൽ ലീഡേഴ്സ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. സ്വാശ്രയ സംഘ മഹോത്സവം, ഗ്രാമോത്സവ്, വായ്പാ തിരിച്ചടവ് എന്നിവ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ഗ്രാമതല സെമിനാർ:** കിഴക്കേ നട്ടാശ്ശേരി, മള്ളൂശ്ശേരി, എന്നീ ഗ്രാമങ്ങളിൽ സ്വാശ്രയ സംഘാംഗങ്ങൾക്കായി ഗ്രാമതല സെമിനാർ നടത്തി. പ്രസ്തുത സെമിനാറിൽ ലിൻസ് മാത്യു ആത്മഹത്യ പ്രവണതയെക്കുറിച്ച് ക്ലാസ് നയിച്ചു.

**ഗ്രാമോത്സവം:** ഒളശ്ശ ഗ്രാമത്തിലെ വിവിധ സ്വാശ്രയ സംഘങ്ങളുടെ വാർഷിക മഹോത്സവം നവംബർ 20 ന് നടത്തുകയുണ്ടായി.സി. ലിനറ്റ്, ലിൻസ് മാത്യു, ജോൺ പുല്ലാപ്പള്ളി എന്നിവർ ഗ്രൂപ്പ് നടപടി ക്രമങ്ങൾ, സ്ത്രീ ശാക്തീകരണം, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. തുടർന്ന് ഫാ. ജിനു പതിയകത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് റ്റി. ആർ. വേലായുധൻ ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**സ്മാർട്ട് ഗ്രൂപ്പ്:** സംക്രാന്തി, കാരിത്താസ്, കിഴക്കേ നട്ടാശ്ശേരി, ഒളശ്ശ, മള്ളൂശ്ശേരി എന്നിവിടങ്ങളിലെ സ്മാർട്ട് ഗ്രൂപ്പ് കുട്ടികളെ മെഡക്സ് കാണിക്കുവാൻ കൊണ്ടുപോയി.



**വരുമാനപദ്ധതികൾ:** കുമരകം: കരുണ ഗ്രൂപ്പംഗമായ മീനാക്ഷി ബാബു വിക്സ്, വിന്നാഗിരി, കോൾഗേറ്റ് പൗഡർ, ലോഷൻ, ഫിനോയിൽ എന്നിവ ഉണ്ടാക്കി വിൽക്കുന്നു. അനുഗ്രഹാ ഗ്രൂപ്പംഗമായ ജിജി ജോസ് വിക്സ് ഉണ്ടാക്കി വിൽക്കുന്നു, **സംക്രാന്തി:** കവിത ഗ്രൂപ്പംഗമായ ജസീല വിക്സ്, വിന്നാഗിരി, സോപ്പ് ഓയിൽ, ലോഷൻ. എന്നിവ ഉണ്ടാക്കി വിൽപ്പന ആരംഭിച്ചു.

**ഗ്രാന്റ് ലഭിച്ചു**: **പേരൂർ:** സി.ബി. ആർ ഗ്രൂപ്പ് അംഗങ്ങളായ രമ്യ രാജു, അമല ടോമി, ആൻസി മാത്യു, രോഹിത് മോഹനൻ, ജിൻസ്ൺ ഐവ്, ജിൻസ് എബ്രാഹാം എന്നീ അംഗങ്ങൾക്ക് 7700 രൂപ ഗ്രാന്റ് ലഭിച്ചു.

**ചിത്രരചനാ ക്ലാസ്സ്:** എസ്. എച്ച്. മൗണ്ട്: ജീവ പുരുഷ സ്വാശ്രയ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി സൗജന്യ ചിത്ര രചനാ ക്ലാസ്സ് ആരംഭിച്ചു. ശ്രീമതി ലേഖാ ഷാജി പരിശീലനത്തിന് നേതൃത്വം നൽകുന്നു.

## കിടങ്ങൂർ മേഖല

**മെഡിക്കൽ ക്യാമ്പ്: കൂടല്ലൂർ:** കെ. എസ്. എസ്. എസും കൊച്ചു ലൂർദ് മിഷൻ ഹോസ്പിറ്റലും സംയുക്തമായി മെഡിക്കൽ ക്യാമ്പ് നടത്തി. പ്രമേഹം, ശ്വാസംമുട്ടൽ എന്നിവയ്ക്ക് പ്രത്യേക പരിശോധന നടത്തി.

**നേട്ടങ്ങൾ: കട്ടച്ചിറ:** ഗ്ലോറിയാ ഗ്രൂപ്പംഗമായ ജയ്നമ്മ ചാക്കോ കെ. സി. ഡബ്ല്യൂ. എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചെറുകര: കസ്തൂർബാ ഗ്രൂപ്പംഗങ്ങൾ പടിഞ്ഞാറ്റിൻകര ക്ലബ് സംഘടിപ്പിച്ച വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനവും, ചേർപ്പുങ്കൽ നവജ്യോതി ഗ്രൂപ്പംഗങ്ങൾക്ക് രണ്ടാം സ്ഥാനവും ചെറുകര ശാന്തം ഗ്രൂപ്പിന് 3-ാം സ്ഥാനവും ലഭിക്കുകയുണ്ടായി.

**മണ്ണിര കമ്പോസ്റ്റ്:** കിടങ്ങൂർ മേഖലയിലെ മറ്റക്കര, പുന്നത്തുറ, ചേർപ്പുങ്കൽ, കൂടല്ലൂർ, കിടങ്ങൂർ, നീറിക്കാട് എന്നീ ഗ്രാമങ്ങളിലെ എല്ലാ ഗ്രൂപ്പംഗങ്ങളും മണ്ണിര കമ്പോസ്റ്റ് നിർമ്മാണം ആരംഭിച്ചു. അഞ്ചു രൂപക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്ന മുദ്രാവാക്യമേറ്റെടുത്ത് എല്ലാ അംഗങ്ങളും മണ്ണിര കമ്പോസ്റ്റും ജൈവവളവും ഉണ്ടാക്കാൻ തീരുമാനമെടുത്തു.

**വരുമാന പദ്ധതികൾ: കാടവളർത്തൽ**: പുന്നത്തുറ സ്നേഹാ ഗ്രൂപ്പിലെ അജിതാ മണിയും, കൂടല്ലൂർ സ്നേഹദീപം ഗ്രൂപ്പംഗം ലീലാമ്മ കുഞ്ഞുമോനും കാട വളർത്തുന്നു. പുന്നത്തുറ ശ്രീലക് ഷ്മി, അനുഗ്രഹ ഗ്രൂപ്പിലെ അംഗങ്ങൾ തേനീച്ച വളർത്തുന്നു. കിടങ്ങൂർ: ഗൃഹലക്ഷ്മി ഗ്രൂപ്പിലെ മേരിക്കുട്ടി നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്നു. രമണി, വത്സല എന്നിവർ പലഹാരക്കച്ചവടം നടത്തുന്നു. മറ്റക്കരയിലെ കൃപാ ഗ്രൂപ്പംഗങ്ങൾ

ഹരിത ചിന്തകൾ

# വിഷം തൊടാത്ത ഭക്ഷണം

കഴിക്കുന്ന ആഹാരത്തെക്കുറിച്ചു ലോകമെങ്ങും ജനങ്ങൾ ബോധവാന്മാരായി കൊണ്ടിരിക്കുന്നു. ഭക്ഷണം പൂർണമായും ആരോഗ്യദായകവും അതിന്റെ ഉത്പാദനപ്രക്രിയ പരിസ്ഥിതിക്കു കോട്ടം തട്ടാത്തതുമായിരിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. രാസവളങ്ങളോ രാസ കീടനാശിനികളോ പ്രയോഗിക്കാത്ത ഉൽപന്നങ്ങളുടെ വിപണി അനുദിനം വളർന്നു കൊണ്ടിരിക്കുന്നു. ക്രമേണ ജൈവ സങ്കേതങ്ങൾ ഉപയോഗിച്ച ഉല്പന്നങ്ങൾക്കു മാത്രമേ വിപണിയുണ്ടാകൂ എന്ന നിലയിലേക്കാണു കാര്യങ്ങളുടെ പോക്ക്.

ജൈവ കൃഷിയെന്ന ആശയം 1930-കളിൽ തന്നെ ഉയർന്നു വന്നിരുന്നു. ബ്രിട്ടീഷ് കാർഷിക ശാസ്ത്രജ്ഞനായ ആൽബർട്ട് ഹൊവാർഡ് നഗരമാലിന്യങ്ങളെ വളമാക്കി മാറ്റാമെന്ന നിർദ്ദേശവുമായി മുന്നോട്ടുവന്നു. എന്നാൽ ഉത്പാദന വർദ്ധനയുള്ള ഊർജിത ശ്രമങ്ങൾക്കിടയിൽ ഇതു കാര്യമായി ശ്രദ്ധിക്കപ്പെട്ടില്ല.

യൂറോപ്യൻ രാജ്യങ്ങൾ ജൈവകൃഷിരീതിയിൽ ഏറെ മുന്നേറിക്കഴിഞ്ഞു. ഏഷ്യൻ രാജ്യങ്ങളിൽ ജപ്പാനാണു മുന്നിൽ. ഈ രംഗത്തു വൈകി എത്തിയ അമേരിക്ക ജൈവകൃഷിയിൽ കുതിച്ചുചാട്ടത്തിന് ഒരുങ്ങിക്കഴിഞ്ഞു. കേരളത്തിലെ സുഗന്ധ വ്യഞ്ജനങ്ങളുടെ വിപണി ഈ രാജ്യങ്ങളായതിനാൽ ജൈവേതര മാർഗങ്ങളിൽ ഉത്പാദിപ്പിക്കുന്ന വിളകൾക്ക് വിപണി ഇല്ലാതാകാനും സാധ്യതയുണ്ട്.

നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്നു. **മാറിടം:** സ്നേഹദീപം ഗ്രൂപ്പംഗമായ ചിന്നമ്മ മാണി നിത്യേപയോഗ സാധനങ്ങൾ വിൽക്കുന്നു. ചേർപ്പുങ്കൽ, നവജ്യോതി ഗ്രൂപ്പംഗം സുനിൽ രാജു നിത്യേപയോഗ സാധനങ്ങൾ വിൽക്കുന്നു. **ചെറുകര:** ഏലമ്മ എബ്രഹാം, സോഫി ജോയി എന്നിവർ പലഹാരം, നിത്യോപയോഗ സാധനങ്ങൾ എന്നിവ വിൽക്കുന്നു.

**പുതിയ മാർക്കറ്റിംഗ് സ്പെഷ്യലിസ്റ്റുകൾ:** കൂടല്ലൂർ ഐശ്വര്യാ ഗ്രൂപ്പംഗം മേരി ബേബി ചേത്തല്ലിയ്ക്കും, ചേർപ്പുങ്കൽ നവജ്യോതി ഗ്രൂപ്പംഗം സുനിൽ രാജു എന്നിവർക്കും എം.എസ്. കാർഡ് ലഭിക്കുകയുണ്ടായി.

**ഫെഡറേഷൻ മീറ്റിംഗ്:** കിടങ്ങൂർ കെ. സി. വൈ. എൽ ഹാളിൽ കോർഡിനേറ്റർ ലിസി ചാക്കോയുടെ അദ്ധ്യക്ഷതയിൽ മേഖലാ ഫെഡറേഷൻ ഭാരവാഹികൾ ഒന്നിച്ച് കൂടുകയും കാർഷിക മേള, കൂപ്പൺ, കലണ്ടർ, കലാപരിപാടികൾ, മേഖലാ പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്യുകയും ഉചിതമായ തീരുമാനം എടുക്കുകയും രണ്ട് വർഷം കൂടുമ്പോൾ ഗ്രാമതലങ്ങളിൽ പിക്നിക്ക് നടത്തിയാൽ മതിയെന്ന് തീരുമാനിക്കുകയും ചെയ്തു.



## കത്തുകൾ

പ്രിയ ബഹു. മൈക്കിളച്ചാ,

സംഘ ചൈതന്യയും കാർഷികമേളയുടെ ക്ഷണക്കത്തും കിട്ടി. ഏറ്റം ഉപകാരപ്രദമായ ഇത്തരം സംരംഭങ്ങൾക്ക് വിജയം ആശംസിക്കുന്നു. അനുമോദനങ്ങൾ അറിയിക്കുന്നു.

സ്നേഹത്തോടെ,

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

എറണാകുളം - അങ്കമാലി അതിരൂപതാ സഹായ മെത്രാൻ

---

മൈക്കിളച്ചാ,

കെ. എസ്. എസ്. എസ്സിന്റെ ആഭിമുഖ്യത്തിൽ മറ്റക്കര നടന്ന നേതൃപരിശീലനത്തിൽ പങ്കെടുക്കുവാൻ ഇടയായി. അടുക്കളത്തോട്ടം ജൈവരീതിയിൽ എന്ന വിഷയമാണ് ചർച്ച ചെയ്തത്. നീറിക്കാട്, മറ്റക്കര പ്രദേശങ്ങളിലെ ഭാരവാഹികൾ വളരെ സജീവമായി ചർച്ചകളിൽ പങ്കെടുക്കുകയും സംശയനിവാരണം നടത്തുകയും ചെയ്തു. ഇത്തരം പരിശീലനങ്ങൾ വളരെ അത്യാവശ്യമാണ്. വള കീടനാശിനികളുടെ അശാസ്ത്രീയമായ പ്രയോഗം മൂലം പരിസ്ഥിതിക്കും സമൂഹത്തിനും സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങൾക്ക് ക്രിയാത്മകമായി പ്രതികരിക്കാൻ സന്നദ്ധ സംഘടനകൾക്കു മാത്രമേ സാധിക്കൂകയുള്ളൂ.

പുതിയ അറിവുകൾ സാധാരണ കർഷകരിലെത്തണമെങ്കിൽ ത്യാഗബുദ്ധ്യാ പ്രവർത്തിക്കുന്ന ചെറുപ്പക്കാരുടെ സാന്നിധ്യം ഒഴിച്ചു കൂടാനാവാത്തതാണ്. ഈ വക കാര്യങ്ങളിൽ ഫലപ്രദമായ നേതൃത്വം നൽകുന്ന അങ്ങയെയും ടീമംഗങ്ങളെയും അനുമോദിക്കുന്നു.

നന്ദി പൂർവ്വം,

വി. ജെ. ജോർജ്

റിട്ടയേർഡ് ഡപ്യൂട്ടി ഡയറക്ടർ, കൃഷി

**നവംബർ മാസത്തിൽ ഗ്രാമവികസന സമിതികളിലേക്ക് ലഭിച്ച സംഭാവന**

| ഗ്രാമവികസന സമിതി | നൽകിയ വ്യക്തി / ഗ്രൂപ്പ് | തുക |
|---|---|---|
| കൈപ്പുഴ | കെ. റ്റി എബ്രഹാം കിഴക്കേകൊട്ടിൽ | 500 |
| വടക്കുംമുറി | ലോക്കൽ ഗ്രാമവികസന സമിതി | 1000 |

**Published by KSSS at Chaithanya**

**For Private Circulation among its partners in development.**